REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 04-01-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- കേന്ദ്രം കൊണ്ടുവന്ന പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ 2029 ഓടെ സെഷൻസ് കോടതി മുതൽ സുപ്രീം കോടതി വരെ സമയബന്ധിത നീതി ഉറപ്പാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ.
- കണ്ണൂരിൽ അഗ്നിശമന സേനയുടെ ഫയർ ആൻഡ് സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസേർച്ച് സെന്ററിന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.
- രജിസ്ട്രേഷൻ വകുപ്പ് ഈ വർഷം ആരംഭിക്കുന്ന രജിസ്ട്രേഷൻ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ കണ്ണൂർ അഞ്ചരക്കണ്ടിയിൽ.
- KPCC നേതൃ ക്യാമ്പ് ഇന്നും നാളെയും സുൽത്താൻ ബത്തേരിയിൽ.
- സൗദി അറേബ്യയിലെ മദീനയിൽ വാഹനാപകടത്തിൽ മലപ്പുറം സ്വദേശികളായ ഒരു കുടുംബത്തിലെ നാലുപേർ മരിച്ചു.

## വാർത്തകൾ വിശദമായി

പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ 2029 ഓടെ സെഷൻസ് കോടതി മുതൽ സുപ്രീം കോടതി വരെ എല്ലാവർക്കും സമയബന്ധിത നീതി ഉറപ്പാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ വ്യക്തമാക്കി. ആൻഡമാൻ നിക്കോബാർ ദ്വീപിലെ ശ്രീവിജയപുരത്ത് മന്ത്രാലയത്തിന്റെ കൂടിയാലോചനാസമിതി യോഗത്തിൽ സംബന്ധിക്കുക യായിരുന്നു അദ്ദേഹം. പുതിയ നിയമങ്ങൾ

അന്വേഷണങ്ങളും, കുറ്റവാളികളെ കണ്ടെത്തുന്ന നിരക്കും വർദ്ധിപ്പിച്ചതായി അമിത്ഷാ വിലയിരുത്തി.

2021 ൽ മൊബൈൽ ഫോറൻസിക് ലാബുകൾ ഒന്നുപോലും ഇല്ലാതിരുന്ന സ്ഥാനത്ത് ഇപ്പോൾ ആയിരം ലാബുകളുണ്ട്. അടുത്ത അഞ്ച് വർഷങ്ങളിൽ ഇത്തരം ലാബുകളുടെ ശൃംഖല സ്ഥാപിക്കാൻ 30,000 കോടി രൂപ നിക്ഷേപിക്കുമെന്നും അമിത്ഷാ അറിയിച്ചു. 2029 ഓടെ ഓരോ സംസ്ഥാനത്തിനും ഒരു ഫോറൻസിക് സർവകലാശാലയും, കേന്ദ്രീകൃത ഫോറൻസിക് ലാബും ലഭ്യമാക്കുമെന്നും അമിത്ഷാ പറഞ്ഞു.

✪✪✪

ഇന്ത്യയുടെ വികസന യാത്രയിൽ നിർണ്ണായക വർഷമാണ് 2025. നയങ്ങളെ പുരോഗതിയിലേക്കും, ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലേക്കും നയിച്ച വർഷത്തെക്കുറിച്ച് ആകാശവാണി 'പരിഷ്ക്കരണ വർഷം' പ്രത്യേക പരമ്പരയിൽ ഇന്ന്, പ്രധാനമന്ത്രി നരേന്ദ്രമോദിയെ ആഗോള നേതാവായി ലോകം നോക്കിക്കണ്ടതിനെപ്പറ്റി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് ......

....(വോയ്സ്)....

നിർണായക സാമ്പത്തിക നേതൃത്വം മുതൽ നയതന്ത്രം വരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അന്താരാഷ്ട്ര ശ്രദ്ധയും ആദരവും ആകർഷിച്ച വർഷമായിരുന്നു 2025. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇറക്കുമതിയ്ക്ക് പകരച്ചുങ്കം ഏർപ്പെടുത്തിയപ്പോൾ, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ''രാഷ്ട്രം ആദ്യം'' എന്ന പ്രഖ്യാപനം, ഇന്ത്യ ബാഹ്യ സമ്മർദ്ദത്തിന് വഴങ്ങില്ലെന്ന വ്യക്തമായ സന്ദേശം നൽകി.

GST ഘടന, നാല് തൊഴിൽ കോഡുകൾ നടപ്പാക്കൽ തുടങ്ങിയ പ്രധാന പരിഷ്കാരങ്ങൾ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ 8.2 ശതമാനം എന്ന ശ്രദ്ധേയമായ GDP വളർച്ചാ നിരക്കിലേക്ക് ഉയർത്തി. ദേശീയ സുരക്ഷയിൽ, ഭീകരതയ്ക്കെതിരെ പുതിയ സിദ്ധാന്തം തന്നെ ആവിഷ്ക്കരിച്ച വർഷമാണ് 2025. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന്, രാജ്യം ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചു. സിന്ധു നദീജല ഉടമ്പടി താൽക്കാലികമായി നിർത്തി, രക്തവും വെള്ളവും ഒരുമിച്ച് ഒഴുകാൻ കഴിയില്ലെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

കഴിഞ്ഞ വർഷം പ്രധാനമന്ത്രിക്ക് 29 അന്താരാഷ്ട്ര ബഹുമതികൾ ലഭിച്ചു. തന്ത്രപരമായ സ്വതന്ത്ര വ്യാപാര കരാറിലെ വിപ്ലവത്തിലൂടെ ഇന്ത്യയുടെ സാമ്പത്തിക നയതന്ത്രം പുതിയ ഉയരങ്ങളിലെത്തി. ഇന്ത്യ-UK സമഗ്ര സാമ്പത്തിക, വ്യാപാര കരാറിലും ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിലും ഒപ്പുവെച്ചത് പാശ്ചാത്യ, ഗൾഫ് വിപണികളിലേക്ക് ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് തീരുവയില്ലാതെ പ്രവേശനം നൽകി.

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രാഷ്ട്രതന്ത്രജ്ഞതയെ പുനർ നിർവചിച്ച നിരവധി അവിസ്മരണീയ സംഭവങ്ങൾക്കും 2025 സാക്ഷ്യം വഹിച്ചു.**

✪✪✪

**സദ്ഭരണവും സമയബന്ധിത പ്രശ്ന പരിഹാരവും ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രഗതി പദ്ധതിയുടെ 50 യോഗങ്ങൾ പൂർത്തിയാക്കി. 2015-ലാണ് പദ്ധതി ആരംഭിച്ചത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)...........**

**കേന്ദ്ര- സംസ്ഥാന പങ്കാളിത്തത്തോടെ സഹകരണ ഫെഡറലിസത്തിന് ഡിജിറ്റൽ മാർഗങ്ങളിലൂടെ വേദിയൊരുക്കുകയാണ് പ്രഗതി പദ്ധതിയുടെ ലക്ഷ്യം. പ്രധാനമന്ത്രിയുടെ പ്രത്യേക അവലോകനം പ്രഗതി പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു. തന്ത്രപരവും, വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ വികസനത്തിലൂന്നി യതുമായ ലംഡിങ്-സിൽചാർ ബ്രോഡ്ഗേജ് റെയിൽപ്പാതയുടെ നിർമ്മാണം പ്രഗതി പദ്ധതിയിലെ പ്രധാന പശ്ചാത്തല വികസന പദ്ധതിയാണ്.**

**തെക്കൻ അസമിനേയും, ത്രിപുര, മണിപ്പൂർ, മിസോറാം എന്നിവയെയും ബന്ധിപ്പിക്കുന്ന റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടം 2015 ലും, രണ്ടാം ഘട്ടം 2017 ലും വിജയകരമായി പൂർത്തിയായി. ഭക്ഷ്യധാന്യങ്ങൾ, രാസവളം, പെട്രോളിയം ഉത്പന്നങ്ങൾ തുടങ്ങിയ അവശ്യ സാമഗ്രികളുടെയും നീക്കം ഇതോടെ എളുപ്പമായി. ബറക്ക് താഴ്‌വരയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളും ദേശീയ റയിൽവെയുടെ ഭാഗവമായി മാറുകയും ചെയ്തു.**

✪✪✪

**ഇന്ന് ലോക ബ്രെയിൽ ദിനം. കാഴ്ച വൈകല്യം നേരിടുന്നവരുടെ ആശയവിനിമയ മാർഗമെന്ന നിലയിൽ ബ്രെയിൽ ലിപിയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്താനാണ് ലോക ബ്രെയിൽ ദിനം ആചരിക്കുന്നത്.**

**എറണാകുളത്ത് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് കാക്കനാട് പ്രിയദർശിനി ഹാളിൽ കുടുംബസംഗമവും, കലാപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. അന്ധക്ഷേമ പക്ഷാചരണവും ചടങ്ങിൽ ഉദ്ഘാടനം ചെയ്യും.**

**KFB യുടെ 56-ാം സംസ്ഥാന സമ്മേളനം ഈ മാസം 10, 11 തിയതികളിൽ കോഴിക്കോട് മീഞ്ചന്ത ആർട്സ് ആൻഡ് സയൻസ് കോളജിൽ നടത്തും. MK രാഘവൻ MP ഉദ്ഘാടനം ചെയ്യും.**

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടിയിൽ അഗ്നിശമന സേനയുടെ ഫയർ ആൻഡ് സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസേർച്ച് സെന്ററിന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. ബംഗ്ലാവ് മെട്ടയിലാണ് കേന്ദ്രം സ്ഥാപിക്കുന്നത്. അഗ്നിരക്ഷാ ശാസ്ത്ര മേഖലയിൽ തൊഴിലധിഷ്ഠിത പഠനത്തിനും, ഗവേഷണത്തിനും അവസരം നൽകാനും, സ്റ്റാർട്ടപ്പ് വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാനുമാണ് കേന്ദ്രം സ്ഥാപിക്കുന്നത്.

✪✪✪

തൊണ്ടിമുതൽ തിരിമറി കേസിൽ തടവ് ശിക്ഷ ലഭിച്ചതോടെ ആന്റണി രാജു MLA അയോഗ്യനായി. കോടതി ഉത്തരവിന്റെ പകർപ്പ് ലഭിച്ചാൽ ഉടൻ അദ്ദേഹത്തെ അയോഗ്യനാക്കി നിയമസഭാ സെക്രട്ടേറിയറ്റ് വിജ്ഞാപനം പുറത്തിറക്കും. രണ്ട് വർഷത്തിലേറെ തടവുശിക്ഷ ലഭിച്ചാൽ ജനപ്രതിനിധി അയോഗ്യനാകുമെന്നാണ് സുപ്രീം കോടതി വിധി.

✪✪✪

അമേരിക്ക ഇന്നലെ പിടികൂടിയ വെനിസ്വേല പ്രസിഡന്റ് നിക്കോളാസ് മഡുറോ-യെയും ഭാര്യയെയും അമേരിക്കൻ ലഹരി വിരുദ്ധ സേന ചോദ്യം ചെയ്യുമെന്നു റിപ്പോർട്ടുകൾ പറയുന്നു.

വെനിസ്വലയിലെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് അവിടുത്തെ ഇന്ത്യൻ സമൂഹത്തിന് വിദേശകാര്യ മന്ത്രാലയം നിർദ്ദേശം നൽകി. വെനിസ്വലയിൽ കഴിയുന്നവർ അതീവജാഗ്രത പുലർത്തണമെന്നും, എംബസിയുമായി സമ്പർക്കത്തിലേർപ്പെടണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

ഈ വർഷം മുതൽ ആരംഭിക്കുന്ന രജിസ്ട്രേഷൻ ദിനാചരണം രാവിലെ കണ്ണൂർ അഞ്ചരക്കണ്ടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

............(വോയ്സ് )..................

✪✪✪

KPCC നേതൃ ക്യാമ്പ് ഇന്നും നാളെയും വയനാട്ടിലെ സുൽത്താൻബത്തേരിയിൽ. തദ്ദേശ തെരഞ്ഞെടുപ്പ് ഫലവും വരാനിരിക്കുന്ന

നിയമസഭാ തിരഞ്ഞെടുപ്പും ക്യാമ്പിൽ ചർച്ച ചെയ്യുമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് കണ്ണൂരിൽ അറിയിച്ചു.

✪✪✪

സൗദി അറേബ്യയിലെ മദീനയിൽ വാഹനാപകടത്തിൽ മലപ്പുറം സ്വദേശികളായ ഒരു കുടുംബത്തിലെ നാലുപേർ മരിച്ചു. മലപ്പുറം മഞ്ചേരി വെള്ളില നടുവത്ത് കളത്തിൽ അബ്ദുൽ ജലിൽ, ഭാര്യ തസ്ന തോടേങ്ങൽ, മകൻ ആദിൽ ജലീൽ, ജലീലിന്റെ മാതാവ് മൈമുനത്ത് കാക്കേങ്ങൽ എന്നിവരാണ് മരിച്ചത്.

വാദി ഫറഹയിൽ ഇന്നലെ വൈകീട്ട് ആറിനായിരുന്നു അപകടം. ഇവർ സഞ്ചരിച്ച വാഹനം ലോറിയുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. അബ്ദുൽ ജലീലിന്റെ മക്കളായ അയിഷ, ഹാദിയ, നൂറ എന്നിവർ ആശുപത്രികളിൽ ചികിത്സയിലാണ്.

✪✪✪

സാഹിത്യം സമൂഹത്തിന്റെ മൂല്യങ്ങളെയും ആചാരങ്ങളെയും പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണെന്നും, സാമൂഹികമാറ്റത്തിനു വഴിതെളിക്കുന്ന ഉൽപ്രേരകമാണെന്നും തെലുങ്ക് കവി ദർഭ ശയനം ശ്രീനിവാസാചാര്യ പറഞ്ഞു. തിരൂർ തുഞ്ചൻപറമ്പിൽ തുഞ്ചൻ ഉത്സവത്തോടനുബന്ധിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്നലെ ഉത്സവത്തിന്റെ ഭാഗമായി എഴുത്താണി എഴുന്നള്ളിപ്പ് നടത്തി. സക്കറിയ, ആലങ്കോട് ലീലാകൃഷ്ണൻ, മണമ്പൂർ രാജൻ ബാബു, P കൃഷ്ണൻകുട്ടി തുടങ്ങിയവർ സംസാരിച്ചു.

✪✪✪

ആറ് വടക്കൻ ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്കായി അഗ്നിവീർ റിക്രൂട്ട്മെന്റ് റാലി ഈ മാസം ആറ് മുതൽ 12 വരെ കാസർകോട്ട് നടത്തും. കോഴിക്കോട്, കാസർകോട്, കണ്ണൂർ, മലപ്പുറം, തൃശൂർ, വയനാട് ജില്ലകളിലെയും മാഹി, ലക്ഷദ്വീപ് എന്നിവിടങ്ങളിലെയും ഉദ്യോഗാർത്ഥികൾക്ക് അവശ്യ രേഖകൾ സഹിതം റിക്രൂട്ട്മെന്റ് റാലിയിൽ പങ്കെടുക്കാം.

✪✪✪

തിരുവനന്തപുരം ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകന

**യോഗം വിലയിരുത്തി. മന്ത്രി V.ശിവൻകുട്ടി യോഗത്തിൽ അധ്യക്ഷനായിരുന്നു.**

**തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്....**

**......(വോയ്സ്)...................**

✪✪✪

**ഔദ്യോഗിക ഭാഷാവിഭാഗം മുൻ ഡെപ്യൂട്ടി ഡയറക്ടറും എഴുത്തുകാരനും, കരിയർ ഗൈഡൻസ് അധ്യാപകനുമായ ഡോ. V ബാലകൃഷ്ണൻ കോഴിക്കോട്ട് അന്തരിച്ചു. 61 വയസ്സായിരുന്നു. സംസ്കാരം പിന്നീട്.**

✪✪✪

**72-ാമത് ദേശീയ വോളിബോൾ ടൂർണമെന്റ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. ഇന്ന് മുതൽ ഈ മാസം 11 വരെ വാരണാസിയിലെ ഡോ. സമ്പൂർണാനന്ദ് സ്പോർട്സ് സ്റ്റേഡിയത്തിലാണ് ടൂർണമെന്റ്. 73 പുരുഷ-വനിതാ ടീമുകൾ മത്സരത്തിൽ പങ്കെടുക്കും.**

✪✪✪

**അണ്ടർ -19 ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ 25 റൺസിന് തോൽപ്പിച്ചു. മഴ നിയമപ്രകാരമാണ് വില്ലോമൂർ പാർക്കിൽ ഇന്ത്യയുടെ വിജയം. ഈ മാസം 15 ന് ആരംഭിക്കുന്ന ICC അണ്ടർ -19 ലോകകപ്പിന് മുന്നോടിയായിട്ടാണ് ഇരുടീമുകളും മത്സരിക്കുന്നത്.**

✪✪✪

**കോഴിക്കോട് മാരത്തണിന്റെ മുന്നോടിയായി പ്രി-മാരത്തൺ രാവിലെ കോഴിക്കോട് ബീച്ചിൽ നടത്തും. മന്ത്രി PA മുഹമ്മദ് റിയാസ്, മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, പാണക്കാട് മുനവറലി ശിഹാബ് തങ്ങൾ മേയർ O. സദാശിവൻ, MLA മാരായ സച്ചിൻദേവ്, അഹമ്മദ് ദേവർകോവിൽ, ഫുട്ബോൾ താരം C.K വിനീത് തുടങ്ങിയവരടക്കം നിരവധി പേർ പങ്കെടുക്കും.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRTs:അനുഷ ആത്മപ്രകാശ്, മണികണ്ഠൻ*
*DEO: ഷീബ*